# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. എ.എൽ.പി- പി 12/ 529 / 2021 /

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 30/06/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. എ.എൽ.പി- പി 12/ 529 / 2021 തീയ്യതി: 30/06/2021
/

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടിഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ലിജിലാൽ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജയകൃഷ്ണ. ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി സിന്ധ്യ.പി.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.മനേഷ് കുമാർ.ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. ഉണ്ണിക്കൃഷ്ണൻ .സി ( സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.വി.രഞ്ജിത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്. ബാബുക്കുട്ടൻ നായർ | സെക്രട്ടറി | 01-04-2019 | 12-12-2019 |
| ശ്രീ.എസ്സ്.ഹരികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 26-04-2019 | 24-05-2019 |
| ശ്രീ.എസ്സ്.ഹരികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2019 | 22-11-2019 |
| ശീ.ആർ.ശ്രീരാജ് | സെക്രട്ടറി | 13-12-2019 | 31-03-2020 |
| സജിത.പി.എ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| വേണുഗോപാൽ | വെറ്റിനറി സർജൻ | 01-04-2019 | 31-07-2019 |
| മാധുരി.ജി | വെറ്റിനറി സർജൻ | 01-08-2019 | 31-03-2020 |
| സുമ | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 24-09-2019 |
| ക്ഷമ.എം | മെഡിക്കൽ ഓഫീസർ(സി.എച്ച്സി | 18-09-2019 | 31-03-2020 |
| നിഷ.റ്റി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| കവിത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| വസന്തകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| വി.കെ.ജയരാജ് | അസിസ്റ്റന്റ് എൻജിനിയർ | 01-04-2019 | 31-03-2020 |
| ബീന ഷ്രീകുമാർ | വില്ലേജ് എക്സ്റ്റൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഹരികുമാർ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| അപ്പൻ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സുമ | ഐ.സി.ഡി.എസ് -സൂപ്പർവൈസർ | 01-04-2019 | 24-09-2019 |
| ശ്രീമതി.സാഹിനി | ഐസിഡിഎസ് -സൂപ്പർവൈസർ | 25-09-2019 | 31-03-2020 |
| ശ്രീമതി ബേബി സീന | മെഡിക്കൽ ഓഫീസർ | 01-04-2019 | 17-09-2019 |
| | | 18-09-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ക്ഷമ എം | മെഡിക്കൽ ഓഫീസർ | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: B Ligilal (Audit Officer, On 27-06-2021)<br>Last Updated By: Elsamma (Audit Officer, On 30-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗവിവരം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Unnikrishnan C (Senior Grade Auditor, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ സംബന്ധിക്കുന്ന വിവരം<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-10 |
| 11 | വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി നികുതി നിരക്ക് ചുമത്തിയില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2021) | 1-11 |
| 12 | പോലീസ് സ്റ്റേഷൻ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് നിയമാനുസൃതമല്ല<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-12 |
| 13 | റോഡിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-വസ്തുനികുതി നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി- 3 ടവറുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളത് 433328 രൂപ<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2021) | 1-14 |
| 15 | തൊഴിൽ നികുതി :-മുഴുവൻ സ്ഥാപനങ്ങളുടെയും ഡിമാൻഡ് ചെയ്തീടാക്കിയില്ല | 1-15 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2021) | |
| 16 | ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതി-ഡിമാൻഡിൽ ഉൾപ്പെടാതിരുന്ന നിരവധി സ്ഥാപനങ്ങളെ ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് ഡിമാൻഡ് ചെയ്ത് തൊഴിൽ നികുതി ചുമത്തി<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-16 |
| 17 | ടെണ്ടർ ഫീസ് - പഞ്ചായത്തിന് 43339 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-17 |
| 18 | പൊതു കുടിവെള്ള പൈപ്പുകളുടെ വെള്ളക്കരംഃ ഒടുക്കുന്ന തുകകൾ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല- ഗ്രാമപഞ്ചായത്തിന് ഭീമമായ ബാധ്യത<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-18 |
| 19 | ജാൻസിനഗർ വരമ്പത്ത് തിയ്യശ്ശേരിൽ റോഡ് ടാറിങ്ങ് - കരാറുകാരന് അധിക നിരക്കിൽ അനുവദിച്ച തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട്<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-19 |
| 20 | നല്ലൊരു ഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലി തടിയുടെ വില- ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് അപാകത പരിഹരിച്ച് പുനർ നിർമ്മിച്ചു-ഓഡിറ്റ് ഇംപാക്ട്<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-20 |
| 21 | ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-21 |
| 22 | വാട്ടർ പ്യൂരിഫയറുകൾ മൂന്ന് വർഷങ്ങൾക്ക് ശേഷവും സ്ഥാപിക്കപ്പെട്ടിട്ടില്ല-ഗുരുതരമായ വീഴ്ച<br>Written By: B Ligilal (Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-22 |
| 23 | അംഗൻവാടി പോഷകാഹാര വിതരണം- വൌച്ചറുകൾ അപൂർണ്ണം, ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-23 |
| 24 | മോണിറ്ററും കീബോർഡും ഇല്ലാതെ സി.പി.യു മാത്രം നല്കിഃ സ്മാർട്ട് അംഗൻവാടി പദ്ധതിയിൽ അനാവശ്യമായ ചെലവ്- തുക തടസ്സപ്പെടുത്തുന്നു<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-24 |
| 25 | പരിശോധനയ്ക്ക് ഹാജരാക്കാത്ത പ്രോജക്ടുകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നുഃ<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 30-06-2021) | 1-25 |
| 26 | നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആർ.ഒ. പ്ലാന്റ് പ്രവർത്തക്ഷമമായിട്ടില്ല<br>Written By: Maneshkumar G (Senior Grade Auditor, On 25-06-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 25-06-2021) | 1-26 |
| 27 | | 1-27 |

| | | |
|---|---|---|
| | ലോഗ് ബുക്ക് നിയമാനുസൃതമായി പരിപാലിക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 25-06-2021)<br>Last Updated By: Maneshkumar G (Senior Grade Auditor, On 25-06-2021) | |
| 28 | ഐ.കെ.എം. വിഹിതം നല്കൽ, കൈപ്പറ്റ്-വിനിയോഗ വിവരം ലഭ്യമല്ല<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 1-28 |
| 29 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-29 |
| 30 | ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Sindhya.P (Asst. Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-30 |
| 31 | കന്നുകുട്ടി പരിപാലനം-പ്രോജക്ടുകളുടെ പൂർത്തീകരണം, വിനിയോഗ വിവരം-തുടർനിരീക്ഷണം ഇല്ല.<br>Written By: Jayakrishna R (Asst. Audit Officer, On 27-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: B Ligilal (Audit Officer, On 30-06-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2021) | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayakrishna R (Asst. Audit Officer, On 25-06-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 25-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 30-06-2021) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 27-06-2021)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 27-06-2021) | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 12-02-2019 ലെ 1/19 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള ആകെ വരവ് ചെലവ് എന്നിവയും വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് , ചെലവ് എന്നിവയും ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് | 10,66,10,320 | 10,51,73,503 |
| വാർഷിക കണക്ക് പ്രകാരം | 9,88,49,717 | 10,20,68,519 |
| ഇൻകം&എക്സ്പെന്റിച്ചർ പ്രകാരം | 20,17,61,067 | 19,61,45,865 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിക്കേണ്ട തീയതി (1997 ലെകേരള പഞ്ചായത്ത് രാജ് നിയമം (പരിശോധനരീതിയും ഓഡിറ്റ് സംവിധാനവും )ചട്ടങ്ങളിലെ ചട്ടം 11 (1)) | വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് സമർപ്പിച്ച തീയതി / നം. | വാർഷിക ധനകാര്യപത്രിക ഓഡിറ്റ് അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച തീയതി |
|---|---|---|---|
| 31-07-2020 | 25/04/20 AC 1/2020 | 16/06/21 | 17/06/21 |

വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ :-

2019-20 ലെ വാർഷിക കണക്കുകൾ ഓഡിറ്റിന്റെ ഭാഗമായി 17/06/21 ൽ പരിശോധിച്ചു. പരിശോധനയുടെ ഭാഗമായി കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക സംബന്ധിക്കുന്ന രജിസ്റ്ററിലെ ഡി.സി.ബി പത്രിക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ഡിമാൻഡ് 83268 രൂപയാണ്. എന്നാലിത് 85000 രൂപയായി രേഖപ്പെടുത്തിയത് ബാലൻസ് ഷീറ്റിലെ വാടക കുടിശ്ശിക തുക യഥാർത്ഥത്തിലുള്ളതിലും 1732 രൂപ കൂട്ടി പ്രതിഫലിപ്പിക്കുന്നതിനിടയായി.

2.ബാലൻസ് ഷീറ്റിലെ ഗ്രാന്റുകളുടെ ലയബിലിറ്റി ഹെഡ്ഡിൽ ഇനിയും ക്രമീകരിച്ചിട്ടില്ലാത്ത അഡ്വാൻസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാലിതിന്റ കറസ്പോണ്ടിംഗ് ഹെഡ്ഡിലെ തുകകളുമായി ഇത് പൊരുത്തപ്പെടുന്നില്ല.

| ലയബിലിറ്റി ഹെഡ്ഡിലെ തുകകൾ | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജനൻസീസ് |
|---|---|
| ധനകാര്യകമ്മീഷൻ-370104 | കെ.എസ് .ഇ.ബി -328410 |
| കെ.എൽ.ജി.എസ്.ഡി.പി ഗ്രാന്റ്-801110 | |

അഡ്വാൻസായി അവശേഷിക്കുന്ന തുകകളിൽ ഉൾപ്പെടുന്ന തുക 328410 രൂപ മാത്രമാണ്. വിനിയോഗിക്കാതെ പണം അവശേഷിക്കുന്നുണ്ടെങ്കിൽ ,ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്

3. സപ്ലെയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് , കോൺട്രാക്ടേഴ്സ് റിറ്റൻഷൻ എന്നീ ഹെഡ്ഡുകളിൽ നിന്നും തൻവർഷം തിരികെ നൽകിയ തുക പരസ്പരം മാറിയതിനാൽ , രജിസ്റ്റർ പ്രകാരമുള്ള ബാലൻസും വാർഷിക കണക്കുകൾ പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല.

4.മറ്റു പഞ്ചായത്തുകൾക്ക് നൽകാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 8000 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനായില്ല. ഈ തുകയുടെ കൃത്യത ഉറപ്പാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.വാർഷിക കണക്കുകളിലെ പട്ടിക ബി-9 പ്രകാരം 40000രൂപ സംസ്ഥാന സർക്കാരിലേക്ക് ഒടുക്കുവാനവശേഷിക്കുന്നു. (ഹെഡ് കോഡ്- 350409901) . ഈ തുക സർക്കാരിലേക്ക് അടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ ഗുണഭോക്താക്കൾക്ക് നൽകിയശേഷം തിരികെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന 4000 രൂപ ഉൾപ്പെടെയുള്ള നീക്കിയിരിപ്പാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ തുക യഥാർത്ഥത്തിൽ വിതരണം ചെയ്യുവാനുള്ളതാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7.ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് വാട്ടർ അതോറിറ്റി മുഖേനയുള്ള നിക്ഷേപ പ്രവർത്തിക്ക് വേണ്ടി 170000/-രൂപ നല്കിയെങ്കിലും ഈ തുക മുൻകൂർ എന്ന നിലയിലല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7854037 |
| വരവ് | 68289213 |
| ആകെ | 76143250 |
| ചെലവ് | 67563903 |
| നീക്കിയിരിപ്പ് | 8579347 |

## 1-4 ഫണ്ട് വിനിയോഗവിവരം

| ക്രമ നം | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 1,08,08,000 | 26,75,885 | 77,13,399 | 1,03,89,284 | 4,17,278 |
| 2 | വികസനഫണ്ട്-എസ്.സി.പി | 35,24,000 | 58,824 | 15,64,608 | 16,23,432 | 19,00,568 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 1,06,000 | 0 | 82,000 | 82,000 | 24,000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 80,13,000 | - | 55,10,148 | 55,10,148 | 25,02,852 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 32,51,000 | - | 32,50,996 | 32,50,996 | 4 |
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 82,63,037 | - | 36,33,344 | 36,33,344 | 46,29,693 |

ക്രമ നമ്പർ 2,4,6 എന്നീ ഗ്രാന്റുകളുടെ വിനിയോഗത്തിനായി ഗ്രാമ പഞ്ചായത്ത് ബില്ലുകൾ സമർപ്പിച്ചുവെങ്കിലും ഈ തുക ക്യൂബിൽ ആയി മാറുന്ന സാഹചര്യം നിലനിന്നിരുന്നതിനാൽ ഇതുൾപ്പെടെയുള്ള തുകയാണ് ലാപ്സായിട്ടുള്ളത്. ഈ ഗ്രാന്റുകളുടെ ക്യൂ ബിൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗ്രാന്റ് | ക്യൂബിൽ ആയ തുക |
|---|---|---|
| 1 | വികസനഫണ്ട്-എസ്.സി.പി | 11,11,847 |
| 2 | സംരക്ഷണ ഗ്രാന്റ് -റോഡ് | 25,02,852 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 43,70,280 |

## 1-5 പദ്ധതി അവലോകനം

ഈ സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ നടപ്പിലാക്കിയതിന്റെയും നടപ്പിലാക്കാത്തവയുടെയും വിവരങ്ങൾ , പദ്ധതി പൂർത്തീകരണത്തിന്റെ ശതമാനം എന്നിവ താഴെ ചേർക്കുന്നു. (സുലേഖ പ്ലാൻ എക്സ്പെൻഡിച്ചർ പത്രിക)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 132 | 80741468 | 83 | 47125306 | 36 | 13 | 58.36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ചെലവിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 13,948 | 5,08,861 | 5,22,809 | 5,15,489 | 7,320 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 3,73,87,000 | 3,73,87,000 | 373,87,000 | - |
| ആകെ | | | | 3,79,02,489 | |

## 1-7 ക്ഷേമപദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽ രഹിത വേതനം | 91,200 |
| കർഷകതൊഴിലാളി പെൻഷൻ | 8,13,000 |
| വിധവാപെൻഷൻ | 28,51,200 |
| വാർദ്ധക്യകാലപെൻഷൻ | 46,69,500 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 9,61,800 |
| അവിവാഹിത പെൻഷൻ | 1,17,000 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/06/2021 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 2500 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പ്രോജക്ട് ഫയലുകൾക്കൊപ്പം മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

2. കരാർ അടിസ്ഥാനത്തിൽ ജോലിനോക്കുന്ന തൊഴിലുറപ്പ് വിഭാഗം ജീവനക്കാരുടെ സേവന പുസ്തകം പരിപാലിയ്ക്കപ്പെടുന്നില്ല .

3. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കിൽ പ്രതിമാസ ഇന്ധന ഉപഭോഗത്തിന്റെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തൽ വരുത്തുന്നില്ല.

6.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

7.ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സൂചിക സോഫ്റ്റ് വെയർ പഞ്ചായത്തിൽ പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും തുടർ നടപടികൾ കാലികമാക്കാത്തതു മൂലം ഓരോ സെക്ഷനിലേയും തീർപ്പാക്കാവശേഷിക്കുന്ന ഫയലുകളുടെ എണ്ണം വളരെ കൂടുതലായാണ് കാണിക്കുന്നത്.

8. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു

## 1-10 മറ്റ് ഓഡിറ്റുകൾ സംബന്ധിക്കുന്ന വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/01/21 | 10/20 മുതൽ 12/20 വരെ | - |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/10/2017 മുതൽ 25/10/2017 വരെ | 2012-13 മുതൽ 2016-17 വരെ | 24/11/2017 |

## 1-11 വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ വിസ്തൃതിക്കനുസൃതമായി നികുതി നിരക്ക് ചുമത്തിയില്ല-പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 അനുസരിച്ച് ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50 രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70 രൂപയും ആയിനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യകെട്ടിടങ്ങളെ വസ്തുനികുതി ചുമത്തുന്നത്. എന്നാൽ പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു.

ആകെ വിസ്തൃതി 100 ചതുരശ്രമീറ്ററിലധികമെങ്കിലും 100ചതുരശ്രമീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങളുടെ നിരക്ക് മാത്രമാണ് ചുമത്തിയത്. ഒരു ചതുരശ്രമീറ്ററിൽ ഇരുപത് രൂപയുടെ നികുതി നഷ്ടം പഞ്ചായത്തിനുണ്ടാകുന്നുണ്ട്. ആകെ നഷ്ടം 9616 രൂപയാണ് .(480.8X20=9616) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ആകെ തറവിസ്തൃതി |
|---|---|---|---|
| 1 | 8/598 മുതൽ 8/602 വരെ | സെക്രട്ടറി, പുല്ലുകുളങ്ങര ദേവസ്വം | 244 ച.മീ |
| 2 | 8/135 A,B,C,D,E | കുമാരി രവീന്ദ്രൻ. സി<br>പുളിക്കാത്തുശ്ശേരിൽ പുത്തൻ പുരയിൽ<br>കണ്ടല്ലൂർ തെക്ക് | 126.4 ച.മീ |
| 3 | 12/682 മുതൽ 6/685 വരെ | സോമൻ സഹദേവൻ<br>കുട്ടങ്കൽ, കണ്ടല്ലൂർ തെക്ക് | 110.4 ച.മീ |

ആകെ വിസ്തതിക്കനസ്യതമായി നികുതി പുനനിർണ്ണയിച്ചീടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 4/23-06-21 നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. നികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 പോലീസ് സ്റ്റേഷൻ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയത് നിയമാനുസൃതമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 പ്രകാരമാണ് പഞ്ചായത്തിന് കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കാനാവുക. ഈ വകുപ്പിലെ ഒന്നാം ഉപചട്ടത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളല്ലാത്ത ഏതൊരു കെട്ടിടത്തിനും നികുതി ഇളവോ ഒഴിവോ നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് സർക്കാരിന്റെ അനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിലുള്ളതും കനകക്കുന്ന് പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതുമായ 5/135 B എന്ന നമ്പരിലുള്ള 175 ചതുരശ്രമീറ്റർ വിസ്തതിയിലുള്ള കെട്ടിടം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി. ഒഴിവാക്കിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അപാകം പരിഹരിച്ച് നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 റോഡിന്റെ വിസ്തതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവിൽ നിന്നും ചില കെട്ടിടഉടമകൾ ഒഴിവാക്കപ്പെട്ടു-വസ്തുനികുതി നഷ്ടം

കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന നികുതിനിർണ്ണയ നമ്പരിലുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയ ഫയലിലെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങൾക്ക് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ടി കെട്ടിടങ്ങൾക്ക് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. കെട്ടിട ഉടമകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ, കെട്ടിട ഉടമയുടെ പേര് |
|---|---|
| 1 | 13/88 A<br>ഗോപാലകൃഷ്ണക്കുറുപ്പ് ,ഗിരിജ ഭായി<br>വേണാട്ടുതറയിൽ |
| 2 | 8/267 B വിനോദ് , അനുഷ കിഴക്കടത്ത് |
| 3 | 8/162 A അബ്ദുൾ റഹിം, മുംതാസ് കാട്ടിൽ വീട്ടിൽ |
| 4 | 2/402 സജി സദനം, പുതിയവിള |
| 5 | 8/294 A വിജയധരൻ ,ശ്രീകൃഷ്ണാലയം |

വസ്തുനികുതി പുനർ നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി- 3 ടവറുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ളത് 433328 രൂപ

ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള 3 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നുള്ള വസ്തുനികുതി 2013-14 മുതൽ കുടിശ്ശികയാണ്. ഗ്രാമപഞ്ചായത്ത് ഈ മൊബൈൽ ടവർ ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 മുതൽ 2019-20 വരെ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവർ | കെട്ടിട നമ്പർ | 2013-14 മുതൽ 2019-20 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 3/395 A | 59,976 |
| 2 | റിലയൻസ് | 3/399 A | 2,63,102 |
| 3 | ബി.എസ്.എൻ.എൽ | 8/ 538 A | 1,10,250 |
| ആകെ | | | 4,33,328 |

റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി :-മുഴുവൻ സ്ഥാപനങ്ങളുടെയും ഡിമാൻഡ് ചെയ്തിട്ടാക്കിയില്ല

1994 ലെ കേരള പഞ്ചയത്ത് രാജ് നിയമം വകുപ്പ് 204,205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് , കണ്ടല്ലൂർ

2. റേഷൻ ഷോപ്പുകൾ

| ക്രമ നം. | എ.ആർ.ഡി നം. | ലൈസൻസിയുടെ പേര് |
|---|---|---|
| 1 | 84 | മുന്ന ശങ്കർ |
| 2 | 86 | കെ.സുമേഷ് കുമാർ |
| 3 | 89 | ബിജു.പി |
| 4 | 90 | പി.ജി ജയസിംഹറാവു |
| 5 | 91 | സെക്രട്ടറി എസ്സ്.സി.എസ് -1418 |
| 6 | 93 | സതിയമ്മ |
| 7 | 94 | സരസ്വതി |
| 8 | 95 | സെക്രട്ടറി എസ്സ്.സി.എസ് -1440 |

ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

## 1-16 ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതി-ഡിമാൻഡിൽ ഉൾപ്പെടാതിരുന്ന നിരവധി സ്ഥാപനങ്ങളെ ഓഡിറ്റ് റിപ്പോർട്ടിനെ തുടർന്ന് ഡിമാൻഡ് ചെയ്ത് തൊഴിൽ നികുതി ചുമത്തി

ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ലായെന്നും നിരവധി സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽനികുതി ചുമത്തിയിട്ടില്ലായെന്നും 2018-19 ൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഇതിനെ തുടർന്ന് പഞ്ചായത്ത് പരാമർശിത സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഭൂരിഭാഗം സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്തു. ഓഡിറ്റ് വിഭാഗം ചൂണ്ടികാട്ടിയ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും 2020-21 വർഷം തൊഴിൽ നികുതി ഇനത്തിൽ 22020 രൂപയുടെ വരവ് ഉണ്ടായി. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് സമയബന്ധിതമായ നടപടികൾ സ്വീകരിച്ച് തനത് വരുമാന വർദ്ധനവിന് കാരണക്കാരായ എല്ലാ ജീവനക്കാരും അഭിനന്ദനം അർഹിക്കുന്നു. തനത് വരുമാന സ്രോതസ്സുകളെ താമസം വിന കണ്ടെത്തി നികുതി കാലഹരണപ്പെടാതെ ഈടാക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നും ഉണ്ടാകേണ്ടതാണ്.

1-17 ടെണ്ടർ ഫീസ് - പഞ്ചായത്തിന് 43339 രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ഓൺലൈനായി എൽ.എസ്.ജി.ഡി ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിരുന്നു. അസി. എൻജിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം 2014-15 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ 141019/- രൂപയാണ് ഈയിനത്തിൽ പ്രസ്തുത അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഇതിൽ 97680/-രൂപ ഓഡിറ്റ് സമയം വരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട് (രസീത് നം:119010500017/04-01-20). വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയ തുക | ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിച്ച തുക | ടെണ്ടർ ഫീസിനത്തിൽ തിരികെ ലഭിക്കുവാനുള്ള തുക |
|---|---|---|---|---|
| 2014-15 | 4 | 14700 | 0 | 14700 |
| 2015-16 | 4 | 5565 | 0 | 20265 |
| 2016-17 | 12 | 51310 | 0 | 71575 |
| 2017-18 | 12 | 33670 | 0 | 105245 |
| 2018-19 | 4 | 20774 | 0 | 126019 |
| 2019-20 | 3 | 15000 | 97680 | 43339 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് തിരികെ ലഭിക്കുവാനുള്ള തുക ഈടാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

1-18 പൊതു കുടിവെള്ള പൈപ്പുകളുടെ വെള്ളക്കരം: ഒടുക്കുന്ന തുകകൾ ക്രഡിറ്റ് ചെയ്യപ്പെടുന്നില്ല- ഗ്രാമപഞ്ചായത്തിന് ഭീമമായ ബാധ്യത

ഗ്രാമപഞ്ചായത്തിന്റെ ഒരു സുപ്രധാന ആവർത്തന ചെലവാണ് വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കേണ്ടുന്ന വെള്ളക്കരം ഇനത്തിലുള്ള ചെലവ്. എന്നാൽ കൃത്യമായ ഒടുക്കുവരുത്താതെ വരുന്നതും, ഒടുക്കുവരുത്തുന്ന തുകകൾ കണക്കിൽപ്പെടാതെ വരുന്നതും മൂലം എല്ലാകാലത്തേക്കും ഭീമമായ ബാധ്യത തുടർന്ന് വരികയാണ്. വർഷങ്ങളായുടെ കുടിശ്ശിക വിവരങ്ങൾ, ഒടുക്കുവിവരങ്ങൾ എന്നിവ കൃത്യമായ കണക്കുകളിലൂടെയോ രജിസ്റ്ററിലൂടെയോ സൂക്ഷിക്കാതെ വരുന്നതും യഥാസമയം ഇടപെടലുകൾ നടത്താത്തതും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണേണ്ടിവരുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം(2019-20), വെള്ളക്കരത്തിന്റെ പ്രതിമാസ ഡിമാന്റ് 185938/-വീതം ആയിരുന്നു. പ്രോജക്ട് പ്രകാരം 3 മാസങ്ങളിലെ (08/2019, 09/2019, 10/2019) പ്രതിമാസ ഡിമാന്റും പ്രതിമാസ അടവിൽ കുടിശ്ശിക വന്ന 5263/-രൂപയും മാത്രമാണ് അടച്ചത്(ആകെ രൂപ.563077/-), എന്നാൽ, ഇതിന് പുറമേ, തനത് ഫണ്ടിൽ നിന്ന് 4മാസങ്ങളിലായി(06/2019, 07/2019, 11/2019, 03/2020) ആകെ 738489/- വാട്ടർ അതോറിറ്റിയിലേക്ക് അടച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 7 മാസങ്ങളിലേതായി, പ്രതിമാസ വെള്ളക്കരം ഇനത്തിൽ 1301566/-രൂപ അടച്ചുവെങ്കിലും 5മാസത്തെ പ്രതിമാസ വെള്ളക്കരം തൻവർഷം ഒടുക്കിയിട്ടില്ല. കൃത്യമായ രീതിയിൽ പ്രതിമാസ തുക അടവ് വരുത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റുകളിൽ നിന്ന് സ്രോതസ്സിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. 2019-20 വർഷം ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് 393354/-രൂപയും വികസന(ജനറൽ)ഫണ്ടിൽ നിന്ന് 327792/-രൂപയും സ്രോതസ്സിൽ കുറവ് ചെയ്തു. ഇപ്രകാരം 721146/-രൂപ സ്രോതസ്സിൽ കുറവ് ചെയ്തെങ്കിലും ആയത്, വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകളിൽ ഇത് പരിഗണിക്കുകയോ അതിൻപ്രകാരം കുറവ് വരുത്തുകയോ ചെയ്ത്

കാണന്നില്ല. ഇത് മൂലം, അടച്ച് കഴിഞ്ഞ തുകയുടെ ഉൾപ്പെടെ ഫൈൻ കണക്കാക്കി ആയതും ചേർത്തുള്ള തുക ഡിമാന്റ് വരുന്നതായി കാണാം. ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഇടപെടലുകൾ നടത്തിയിട്ടുമില്ല, ഭീമമായ തുകയാണ് ഇപ്രകാരം ഗ്രാമപഞ്ചായത്തിന് വെള്ളക്കര കുടിശ്ശികയായി വരുന്നത്. 31.03.2020-ൽ 425ടാപ്പുകൾക്ക് ആകെ 10651945/- പ്രോഗ്രസീവ് ടോട്ടലായി വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ പരാമർശിച്ചുകാണുന്നു.

സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാട്ടർ അതോറിറ്റിയുടെ കണക്കിൽ പ്രതിഫലിക്കാത്തതിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം, പ്രതിമാസ വെള്ളക്കര അടവും ഈ ഇനത്തിലുള്ള കുടിശ്ശികയും സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന രേഖകളും/രജിസ്റ്ററുകളും, ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടുന്ന ഫണ്ടുകളിൽ നിന്ന് നാളിതുവരെ സർക്കാർ ഉത്തരവുകളിലൂടെ സ്രോതസ്സിൽ കുറവ് വരുത്തിയതിന്റെ വിവരങ്ങൾ, സംയുക്തപരിശോധന നടത്തിയിട്ടുള്ള പക്ഷം ആയതിന്റെ റിപ്പോർട്ട്, മുതലായവ ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.6/24.06.2021)ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം സംബന്ധിച്ച് തൃപ്തികരമായ വിധത്തിലുള്ള കണക്കുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നും ഇതിൽ നിന്ന് മനസ്സിലാക്കുന്നു.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹിച്ച 'പൊതുകുടിവെള്ള പൈപ്പുകളുടെ വെള്ളക്കരം' പ്രോജക്ടിൽ (നം.45/20) മെയിന്റനൻസ്(നോൺറോഡ്)ഫണ്ടിൽ നിന്ന് 563077/- രൂപ വാട്ടർ അതോറിറ്റിക്ക് നല്കിയെങ്കിലും അടച്ച തുകയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രസീതുകൾ ഹാജരാക്കിയിട്ടില്ല. കൈപ്പറ്റിന്റെ അഭാവത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബിൽ വിവരം:

(രൂ.185938/-വീതം പിൻവലിച്ച,

ബിൽറഫ.19070952010500476659/20.08.19, ബിൽറഫ.19070952010500633169/28.09.19,

ബിൽറഫ.19070952010500729590/24.10.19&

രൂ.5263/-പിൻവലിച്ച

ബിൽ റഫ.19070952010500867850/26.11.19)

വെള്ളക്കരം സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും, പ്രതിമാസ വെള്ളക്കരം കൃത്യമായി ഒടുക്കേണ്ടതും, സ്രോതസ്സിൽ കുറവ് വരുത്തുന്ന തുക കൃത്യമായി വാട്ടർ അതോറിറ്റിയുടെ കണക്കിൽ വരുന്നുണ്ടെന്നത് നിരീക്ഷിക്കേണ്ടതുമാണ്. കൈപ്പറ്റ് വിവരം ലഭ്യമാക്കിക്കൊണ്ട് 563077/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ജാൻസിനഗർ വരമ്പത്ത് തിയ്യശ്ശേരിൽ റോഡ് ടാറിങ്ങ് - കരാറുകാരന് അധിക നിരക്കിൽ അനുവദിച്ച തുക ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ജാൻസിനഗർ വരമ്പത്ത്<br>തിയ്യശ്ശേരിൽ റോഡ് ടാറിങ്ങ് |
| പ്രോജക്ട് നം | 62/20 |
| എസ്റ്റിമേറ്റ് | 1190000/- |
| കരാറുകാരൻ | മുഹമ്മദ് ജാസിർ |
| എഗ്രിമന്റ് നം/തീയതി | 12/29-10-19 |
| അളവു പുസ്തക നം | 287/18-19 |
| ബൽ നം /തീയതി | 49/20-3-20 |

ഈ പ്രവൃത്തിക്കായി കരാറുകാരൻ ഹാജരാക്കിയ ഐറ്റം നിരക്കിലുള്ള ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനെ തുടർന്നാണ് നിർവ്വഹണ ചുമതല ടിയാനെ ഏൽപ്പിച്ചിട്ടുള്ളത്.(തീരുമാനം നം:2(2)/7-9-19).എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് തയ്യാറാക്കിയ ഫൈനൽ ബില്ലിൽ ചുവടെ ചേർത്തിരിക്കുന്ന ഇനങ്ങൾക്ക് ടിയാൻ രേഖപ്പെടുത്തിയ നിരക്കിൽ അധികരിച്ച് തുക നൽകുകയുണ്ടായി.

| ഇനം | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|
| 1)Filling Up Low Lying......Spreading -Etc Complete | 153714<br>(133.2m$^3$@1154) | 153829 | 115 |

| | | | |
|---|---|---|---|
| | | (133.2m$^3$ @1154.87) | |
| 4)Tack Coat- With Packed Bitumen.....Cleaned With Hydraulic Broom | 13260 (1020m$^2$ @13) | 13790 (1020m$^2$ @13.52) | 530 |
| 5)20mm Thick Open Graded Premix Carpet........ | 168300 (1020m$^2$ @165) | 173808 (1020m$^2$ @170.4) | 5508 |
| 6)Seal Coat-Manual Means.... | 68340 (1020m$^2$ @67) | 68840 (1020m$^2$ @67.49) | 500 |
| | | Total | 6653/- |

ഇപ്രകാരം കരാറുകാരൻ രേഖപ്പെടുത്തിയതിലും അധിക നിരക്കിൽ തുക അനുവദിച്ചതിൻമേൽ വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നം:11/23-06-21) ഈ ഇനത്തിൽ അധികം നൽകിയ 6653/-കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി ഒടുക്ക വരുത്തി.(രസീത് നം: 12101010100322/25-06-21)

## 1-20 നല്ലൊരു ഭാഗം പ്ലൈവുഡ്ഡിൽ നിർമ്മിച്ച അലമാരകൾക്ക് ആഞ്ഞിലി തടിയുടെ വില-ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് അപാകത പരിഹരിച്ച് പുനർ നിർമ്മിച്ചു-ഓഡിറ്റ് ഇംപാക്ട്.

പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 18-19 വർഷം 520 ചതുരശ്ര അടിയുള്ള അലമാര ആഞ്ഞിലി തടിയിൽ നിർമ്മിച്ച നല്കിയതിന് 468299/-രൂപ വെൽഫാബ്,കണ്ടല്ലൂർ എന്ന സ്ഥാപനത്തിന് നൽകിയിരുന്നു.എന്നാൽ ടി സ്ഥപനം നിർമ്മിച്ചുനല്കിയ അലമാരയുടെ പുറകുവശം മുഴുവൻ കട്ടികുറഞ്ഞ സാധാരണ പ്ലൈവുഡിലാണ് നിർമ്മിച്ചിട്ടുള്ളതെന്ന് തൻവർഷത്തെ ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ സെക്രട്ടറിയോടും, മൂല്യനിർണ്ണയം നടത്തിയ എൻജിനീയറോടും ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത പരാമർശം തൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി ചെലവുതുക തടസ്സപ്പെടുത്തിയിരുന്നു. ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് കരാറുകാരനെക്കൊണ്ട് അലമാരയുടെ പുറകുവശത്തെ പ്ലൈവുഡ് നീക്കംചെയ്യിച്ച് ആഞ്ഞിലിപലകയാൽ പുനർനിർമ്മിക്കുകയും ആ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കുകയും ചെയ്തു.

## 1-21 ആസ്തിരജിസ്റ്ററിന്റെ പരിപാലനത്തിൽ വീഴ്ച

പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററിന്റെ പരിപാലനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ മുഴുവൻ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പരിശോധനയ്ക്ക ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ അപൂർണ്ണവും, രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തൽ വരുത്താത്തവയുമാണ്.
2. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളിന്മേൽ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തിയുടെ വിവരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് എം.പി/എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നില്ല.
4. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും അവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റോഡ് രജിസ്റ്ററും, റോഡ് കണക്റ്റിവിറ്റി മാപ്പും സൂക്ഷിച്ചിട്ടില്ല.

ഈ അപാകതകൾ മുൻ റിപ്പോർട്ടിലും ചൂണ്ടിക്കാട്ടിയിരുന്നുവെങ്കിലും പരിഹാരനടപടികൾ സ്വീകരിച്ചിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് പ്രവൃത്തികളുടെ ഇരട്ടിപ്പിനും അതുവഴി അധികചെലവിനും,ആസ്തികളുടെ കൈയ്യേറ്റത്തിനും ഇടയാക്കുമെന്നതിനാൽ അപാകതകൾ പരിഹരിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 വാട്ടർ പ്യൂരിഫയറുകൾ മൂന്ന് വർഷങ്ങൾക്ക് ശേഷവും സ്ഥാപിക്കപ്പെട്ടിട്ടില്ല-ഗുരുതരമായ വീഴ്ച

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2018-19-ൽ നിർവ്വഹിച്ച പ്രോജക്ട് നം.34/19 പ്രകാരം, 139500/-രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ള 10വാട്ടർ പ്യൂരിഫയറുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിട്ടുള്ളത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ (2018-19ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-19)പരാമർശമുള്ളതാണ്. ടി വാട്ടർപ്യൂരിഫയറുകൾ നിലവിൽ എല്ലായിടത്തും ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടോ എന്ന വിവരം ഓഡിറ്റ് അന്വേഷണത്തിലൂടെ(1/21.06.21) ആവശ്യപ്പെട്ടതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദീകരണ പ്രകാരം ഒരു അംഗൻവാടിയിൽ മാത്രമേ(നം.89)ഇത് ഉപയോഗിക്കപ്പെട്ടിട്ടുള്ളൂ, പ്ലമ്പിംഗ് ജോലികൾ പൂർത്തിയാക്കുവാനുള്ളതിനാൽ മറ്റ് സെന്ററുകളിൽ ഉപയോഗിച്ചിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

ഉദ്ദേശം മൂന്ന് വർഷങ്ങൾക്ക് ശേഷവും വാട്ടർപ്യൂരിഫയറുകൾ സ്ഥാപിക്കപ്പെടാതെ വന്നത് മൂലം അതിന്റെ വാറന്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അടിയന്തിര പ്രാധാന്യം നല്കി ഇവ സ്ഥാപിക്കേണ്ടതുണ്ട്. ഭരണ സമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 1-23 അംഗൻവാടി പോഷകാഹാര വിതരണം- വൌച്ചറുകൾ അപൂർണ്ണം, ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച അംഗൻവാടി പോഷകാഹാര വിതരണം (പ്രോജക്ട് നം.3/20, ചെലവ് 1979531/-രൂപ) എന്ന പ്രോജക്ട് സംബന്ധിച്ച ഫയൽ ക്രമരഹിതവും അപൂർണ്ണവുമായതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചെലവ് വൌച്ചറുകൾ ക്രമപ്പെടുത്തി ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണത്തിൽ(നം.1/21.06.21)നിർദ്ദേശിച്ചുവെങ്കിലും വൌച്ചറുകൾ ഇപ്രകാരം ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിലേക്ക് വിവിധയിനം ഫണ്ടുകളിൽ നിന്ന് വന്നിട്ടുള്ള ചെലവ് വിവരം (ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൻ പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

1.വികസന (ജന.)ഫണ്ടിൽ നിന്നുള്ള 1005872/-രൂപയുടെ ചെലവ് വിവരം:

ബിൽ റഫറൻസ് നം.19070952010700213935/11.06.19, രൂ.471623/-

ബിൽ റഫറൻസ് നം.19070952010700444361/13.08.19, രൂ.534249/-

2.കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള 773659/-ചെലവ് വിവരം:

ചെക്ക് നം.STSB3779652/21.10.19, രൂ.166331/-

ചെക്ക് നം.SBI128333/04.01.20, രൂ.146064/-

ചെക്ക് നം.SBI554147/16.03.20, രൂ.272329/-

ചെക്ക് നം.SBI554143/31.03.20, രൂ.1330/-

ചെക്ക് നം.SBI554140/01.02.20, രൂ.187605/-

3.ജില്ലാ പഞ്ചായത്ത് വിഹിതം:

ചെക്ക് നം.STSB802500/21.10.19, രൂ.200000/-

ചെലവ് രേഖകൾ പൂർണ്ണരൂപത്തിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1979531/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മോണിറ്ററും കീബോർഡും ഇല്ലാതെ സി.പി.യു മാത്രം നല്കി: സ്മാർട്ട് അംഗൻവാടി പദ്ധതിയിൽ അനാവശ്യമായ ചെലവ്- തുക തടസ്സപ്പെടുത്തുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച സ്മാർട്ട് അംഗൻവാടികൾ എന്ന പ്രോജക്ടിൽ(നം.09/20) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് 198799/-രൂപ ചെലവഴിച്ച് 11യു.പി.എസ്, 1 സി.പി.യു, 45ടേബിൾ-കസേരകൾ എന്നിവ വാങ്ങിയിട്ടുണ്ട് (പ്രതീക്ഷാ എന്റർപ്രൈസസ് കണ്ടല്ലൂർ എന്ന സ്ഥാപനത്തിൽ നിന്ന്, ചെക്ക് നം.SBI554148/16.03.2020)

എന്നാൽ, പ്രോജക്ട് പ്രകാരം 1800/-വിലയുള്ള യു.പി.എസും, 2499/-വിലയുള്ള നെറ്റ്സെറ്ററും ലഭിച്ച അംഗൻവാടി84-ൽ മോണിറ്റർ ഇല്ലായിരുന്നവെന്നും ഇതിനാൽ നാളിതുവരെയും അവിടെ കമ്പ്യൂട്ടർ ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നമാണ് മറുപടി ലഭിച്ചിട്ടുള്ളത്. മോണിറ്റർ, കീബോർഡ് ഇവ സ്പോൺസർഷിപ്പിൽ ലഭിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടാണ് വാങ്ങൽ നടത്തിയതെന്ന് വിശദീകരിക്കപ്പെട്ടുവെങ്കിലും ഇപ്രകാരം ചെലവഴിക്കപ്പെട്ട 4299/-പാഴ്ചെലവായി മാറുകയാണ് ഉണ്ടായത്. വാറന്റി കാലയളവ് സംബന്ധിച്ച് കരാറിലോ കൊട്ടേഷനിലോ പരാമർശിച്ച് കാണുന്നില്ല, ഉപയോഗിക്കപ്പെടാതെ വന്നതിനാൽ ഉപകരണത്തിന്റെ മാനുഫാക്ച്ചർ വാറന്റി കഴിഞ്ഞിരിക്കാനും, ഉപകരണം പ്രവർത്തനരഹിതമാകാനും സാധ്യതയുണ്ട് എന്നതിനാൽ ടി വിഷയത്തിൽ അടിയന്തിര ഇടപെടൽ വേണ്ടതുണ്ട്. കമ്പ്യൂട്ടർ എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന് വിധേയമായി, തുക 4299/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പരിശോധനയ്ക്ക് ഹാജരാക്കാത്ത പ്രോജക്ടുകൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു:

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ചതായി കാണുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഒന്നും തന്നെ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ,

പ്രോജ.നം.90/20

ചെലവ് 170000/-,

ബിൽ റഫറൻസ് നം.19070952010700190205/01.06.2019

അംഗൻവാടികളിൽ കുടിവെള്ള കണക്ഷന് വേണ്ടി ഓഡിറ്റ് വർഷം(2019-20) 170000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 6000/- രൂപ (ചെക്ക് നം -136338/27-03-19) തനത് ഫണ്ടിൽ നിന്ന് കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതായി മുൻ ഓഡിറ്റ് റിപ്പോർട്ടിൽ(2018-19ഓഡിറ്റ് റിപ്പോർട്ട്) പരാമർശം ഉള്ളതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച് അങ്കണവാടികളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടോ എന്ന വിവരം, അംഗൻവാടികളുടെ വിവരങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യുവാൻ ഓഡിറ്റ് അന്വേഷണത്തിലൂടെ(1/21.06.21)ആവശ്യപ്പെട്ടുവെങ്കിലും ഇത് സംബന്ധിച്ച റിപ്പോർട്ടോ പ്രോജക്ട് ഫയലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് ഫയൽ ലഭ്യമല്ലാത്തതിനാൽ, ഏതൊക്കെ അങ്കണവാടികൾക്ക് വേണ്ടിയാണ് ഈ പ്രോജക്റ്റ് പ്രകാരം വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതെന്നുള്ള വിവരങ്ങൾ, വാട്ടർ അതോറിറ്റിയുമായുള്ള കരാർ, പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് ഇവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ടിന്റെ യഥാർത്ഥ ചെലവ് വിവരവും വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ഇനത്തിൽ അധികം നീക്കിയിരിപ്പുണ്ടോ എന്ന വിവരവും പരിശോധിക്കപ്പെടേണ്ടതുണ്ട്. നിക്ഷേപ ഇനത്തിൽ ചെലവഴിച്ച ശേഷം നീക്കിയിരിപ്പുള്ളതും, മുൻവർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പാക്കാതെ വാട്ടർ അതോറിറ്റിയിൽ നിക്ഷേപ ഇനത്തിൽ നീക്കിയിരിപ്പ് വന്നിട്ടുള്ളതുമായ ഫണ്ടിന്റെ വിവരം സൂക്ഷിക്കപ്പെടേണ്ടതുണ്ട്.

പ്രോജക്ട് ഫയൽ ലഭ്യമാക്കാത്തതിനാലും വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാലും ചെലവ് തുക 170000/- രൂപ തടസ്സപ്പെടുത്തുന്നു.

2.അംഗൻവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ,

പ്രോജ.നം.91/20

ചെലവ് 82400/-രൂ.

ചെലവ് വിവരം:

(ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചത് പ്രകാരം)

ബിൽ റഫറൻസ് നം.19070952010700034746/17.04.2019, രൂ.32400/-

ബിൽ റഫറൻസ് നം.19070952010700190206/01.06.2019, രൂ.50000/-

പ്രോജക്ട് ഫയലിന്റെ അഭാവത്തിൽ ചെലവ് തുക 82400/-രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.അനുപൂരക പോഷകാഹാര വിതരണം അംഗൻവാടികൾ,

പ്രോജ.നം.92/20 ചെലവ് 60572/-,

ബിൽ റഫറൻസ് നം.19070952010700034745/17.04.2019, രൂ.19048/- (വികസനഫണ്ട്-ജന)

ചെക്ക് നം.SBI554151/16.03.2020, രൂ.41524/- (കേന്ദ്രാവിഷ്കൃത ഫണ്ട്)

അനുപൂരക പോഷകാഹാര വിതരണം അംഗൻവാടികൾ- എന്ന പ്രോജക്ടിൽ അടങ്കൽ 559287/-ആയിരിക്കെ, ചെലവ് അതിന്റെ 10.8% മാത്രമാണ് എന്ന് കാണുന്നു. ഇപ്രകാരമുള്ള ഭീമമായ അന്തരം പ്രോജക്ടിന്റെ ആസൂത്രണ/നിർവ്വഹണ ഘട്ടങ്ങളിലെ വീഴ്ചയായി വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയലും ലഭ്യമല്ല. ടി സാഹചര്യത്തിൽ ചെലവ് തുക 60572/-രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിലും മുകളിൽ അതത് പ്രോജക്ടുകൾ സംബന്ധിച്ച് ചൂണ്ടിക്കാട്ടിയിട്ടുള്ള മറ്റ് അപാകതകളുടെ അടിസ്ഥാനത്തിലും മേൽ പരാമർശിച്ച 3പ്രോജക്ടുകൾക്കായി ചെലവഴിച്ചിട്ടുള്ള ആകെ തുക 3,12,972/-രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകളും വിശദീകരണങ്ങളും ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

## 1-26 നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആർ.ഒ. പ്ലാന്റ് പ്രവർത്തക്ഷമമായിട്ടില്ല

ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയുടെ മതിൽകെട്ടിനകത്ത് നിർമ്മിച്ചിട്ടുള്ള ആർ.ഒ പ്ലാന്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്ത തരത്തിൽ നിലനിൽക്കുന്നു. പ്ലാന്റിനെ സംബന്ധിച്ച് വിവരങ്ങൾ ആരായുന്നതിന് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ- 03/21 തീ. 23.06.21) ലഭിച്ച മറുപടിയിൽ പ്രസ്തുത പ്ലാന്റ് ജില്ലാപഞ്ചായത്തിന്റെ ഉത്തരവാദിത്തതിലും മേൽ നോട്ടത്തിലും നിർമ്മിച്ചതാണെന്ന് പറയുകയുണ്ടായി. ആർ. ഒ. പ്ലാന്റ് നിർമ്മിച്ചത് ഏത് സാമ്പത്തികവർഷമാണെന്നും ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ എത്രയാണെന്നും എന്ത് സാങ്കേതിക പ്രശ്നം കൊണ്ടാണ് പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതെന്നും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ആസ്തിയായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ലോഗ് ബുക്ക് നിയമാനുസൃതമായി പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹന പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കാണുന്നു. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായും നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേട്പാട് തീർക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നമ്പർ(എം.എസ്)170/07 തസ്വഭവ. തീയതി. 30.06.2007 പ്രകാരം പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഫ്യുവൽ അബ്സ്ട്രാക്ട് എഴുതി സൂക്ഷിക്കാത്തതിനാൽ ഇന്ധന ഉപഭോഗവും ഇന്ധനക്ഷമതയും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധ്യമല്ലാതെ വരുന്നു.അധികൃതർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-28 ഐ.കെ.എം. വിഹിതം നല്കൽ, കൈപ്പറ്റ്-വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹിച്ച 'ഐ.കെ.എം വിഹിതം നല്കൽ' എന്ന പ്രോജക്ടിൽ (നം.1/20), വികസന ഫണ്ടിൽ(ജനറൽ)നിന്ന് പിൻവലിച്ച് (ബിൽ റഫറൻസ് നം.19070952010500476057/20.08.2019) ഐ.കെ.എം-ലേക്ക്

നല്കിയിട്ടുള്ള 56748/-രൂപയ്ക്ക് കൈപ്പറ്റ് ലഭിച്ചിട്ടില്ല. തുക പിൻവലിച്ചതിന്റെ ബിൽ വിവരം മാത്രമേ പരിശോധനയ്ക്ക് ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണത്തിലൂടെ(നം.5/23.06.21) ആവശ്യപ്പെട്ടുവെങ്കിലും, രസീത് വാങ്ങി സമർപ്പിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 56748/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിക്കൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| പ്രോജക്റ്റിന്റെ പേര് | KMSCL ന് നൽകിയ തുക | ബിൽ റഫറൻസ് നം | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി പ്രോജക്റ്റ് നം-18 | 33622(8/25-2-20) | BRN: 19070952005801066560 | 18633 | 14989 |
| പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ<br>പ്രോജക്റ്റ് നം- 73 | 470000(4/11-12-19) | 19070952005800907243 | 425015 | 44985 |
| പാലിയേറ്റീവ് കെയർ<br>പ്രോജക്റ്റ് നം-18 | 13338 (11/24-03-20) | 19070952005801583297 | 8390 | 4948 |
| പാലിയേറ്റീവ് കെയർ<br>പ്രോജക്റ്റ് നം-18 | 30602(12/24-03-20) | 19070952005801583307 | 28991 | 1611 |
| പാലിയേറ്റീവ് കെയർ | 224196 (KMSCL)<br>ആക ബിൽ253596 (14-03-20) | 20070952005800193255 | 163668 | 60528 |
| | | | | 1,27,061 |

മരുന്നുകൾ പിന്നീട് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കണമെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം-12/24-06-21) മൂലം ആവശ്യപ്പെട്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ലഭിക്കാനുള്ള മരുന്നുകൾ ഉടൻതന്നെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-30 ലൈഫ് ഭവന പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19 വർഷം കരാർ വച്ചതും നിലവിലും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ 2 ഗുണഭോക്താക്കൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

| പേര് | വാർഡ് | കരാർ വച്ച വർഷം | കൈപ്പറ്റിയ തുക |
|---|---|---|---|
| ശ്രീലത , പുത്തൻ പുര മണ്ണേൽ | 13 | 2018-19 | 300000 |
| ദേവകി , ഐക്കരേത്ത് | 2 | 2018-19 | 40000 |

ഇതിൽ ദേവകി , ഐക്കരേത്ത് എന്ന ഗുണഭോക്താവ് തുക തിരികെയടച്ചെങ്കിലും ഈ തുക നിലവിലും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുകയാണ് . ശ്രീലത , പുത്തൻ പുര മണ്ണേൽ എന്ന ഗുണഭോക്താവ് വീടിന്റെ ലിന്റൽ ലെവൽ വരെ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ . ടി ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം തേടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വി . ഇ . ഒ . സമർപ്പിച്ച മറുപടിയിൽ ദേവകി , ഐക്കരേത്ത് എന്ന ഗുണഭോക്താവിന് നല്കിയ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതമാണെന്നും മറ്റൊരു ഗുണഭോക്താവിന് നല്കാൻ ഭരണസമിതിയിൽ ചർച്ച ചെയ്തിരുന്നെന്നും എന്നാൽ തുടർ പ്രവർത്തനങ്ങൾ നടന്നില്ലെന്നും തുക നിലവിലും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിലനിൽക്കുകയാണെന്നും മറുപടി നല്കിയിട്ടുണ്ട് . ടി 40000 രൂപ സർക്കാരിലേക്ക് തിരികെയടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് . ശ്രീലത , പുത്തൻ പുര മണ്ണേൽ എന്ന ഗുണഭോക്താവ് കടബാദ്ധ്യത മൂലം ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട് . കെട്ടിടം പൂർത്തീകരിക്കുവാൻ

ആവശ്യമായ നടപടികൾ സ്വീകരിക്കാനാവാത്ത പക്ഷം തുക തിരികെയീടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

**1-31 കന്നുകുട്ടി പരിപാലനം-പ്രോജക്ടുകളുടെ പൂർത്തീകരണം, വിനിയോഗ വിവരം-തുടർനിരീക്ഷണം ഇല്ല.**

വെറ്റി.സർജൻ നിർവ്വഹിച്ച് വരുന്ന കന്നുകുട്ടി പരിപാലനം (Special Livestock Breeding Program) പ്രോജക്ടിൽ(നം.35/20) തൻവർഷം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട 32പേരുടെ കന്നുകുട്ടികൾക്കായി വികസനഫണ്ടിൽ നിന്ന് 2,00,000/-രൂപ പിൻവലിച്ച് ജില്ലാ കാഫ് ഫീഡ്, അസി.ഡയറക്ടറുടെ പേരിൽ നല്കിയിട്ടുണ്ട്. വർഷങ്ങളായി ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കപ്പെട്ട് വരുന്ന കന്നുകുട്ടി പരിപാലന പ്രോജക്ടിൽ ഉദ്ദേശിക്കുന്നത് 4-6മാസം പ്രായമുള്ള കന്നുകുട്ടികൾക്ക്, 30-32മാസം പ്രായമാകുന്നത് വരെയുള്ള കാലയളവിലേക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയാണ്. ടി പ്രോജക്ടുകൾ ചെലവ് വരുന്ന ഓഡിറ്റ് കാലയളവിനുള്ളിൽ തന്നെ പൂർത്തീകരിക്കപ്പെടുന്നതല്ല എന്നതിനാൽ ഇവയുടെ വിനിയോഗ വിവരം സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്നില്ല. ടി പ്രോജക്ടിലെ കാലിത്തീറ്റവിതരണം മുതലായവയെല്ലാം ഇതിലേക്ക് മൃഗസംരക്ഷണ വകുപ്പിൽ നിന്ന് ചുമതലപ്പെടുത്തിയ ജീവനക്കാരുടെയും വകുപ്പിന്റെയും മേൽനോട്ടത്തിലാണ് എന്ന് കാണാം, എന്നാൽ നടന്നുവരുന്ന കന്നുകുട്ടി പരിപാലന പ്രോജക്ടുകളിലേക്ക് വികസനഫണ്ടിൽ നിന്ന് വർഷങ്ങളായി നല്കപ്പെടുന്ന തുകകളുടെ വിനിയോഗ വിവരമോ, തുകകളുടെ നീക്കിയിരിപ്പ് വിവരമോ ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാക്കപ്പെടുന്നില്ല. ഇത് മൂലം ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് തിരിച്ചടയ്ക്കപ്പെടാതെ വരുന്നുണ്ട്.

സമീപ വർഷങ്ങളിലായി ടി പ്രോജക്ടിലേക്ക് നല്കപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| ഓഡിറ്റ് വർഷം | ബിൽ റഫ.നം. | തുക(രൂ.) |
|---|---|---|
| 2017-18 | 18070952006100893235/04.12.18 | 2,50,000/- |
| 2018-19 | 18070952006101041702/10.01.19 | 1,50,000/- സർക്കാരിലേക്ക് തിരികെയടക്കാൻ - |
| 2019-20 | 19070952006101051077/7.01.20 | 2,00,000/- |

കാലിത്തീറ്റയ്ക്കായി ചെലവഴിക്കപ്പെടുന്ന യഥാർത്ഥ തുകയ്ക്ക് ആനുപാതികമായാണ് ഗുണഭോക്തൃവിഹിതം, ഡിപ്പാർട്ട്മെന്റ് ഫണ്ട്, വികസനഫണ്ട് എന്നിവ വേണ്ടിവരുന്നത് എന്നതിനാൽ ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങാതെ വരുന്ന വിവിധ സാഹചര്യങ്ങളിൽ, അതിൻപ്രകാരം സർക്കാർ സബ്സിഡിയിനത്തിലും കുറവ് വരുത്തേണ്ടതുണ്ട്. വികസനഫണ്ട് മുൻകൂറായി നല്കുന്ന സാഹചര്യമായതിനാൽ, ഇപ്രകാരം അധികമായി മുൻകൂർ നല്കപ്പെട്ട വികസനഫണ്ട്, പ്രോജക്ടിന്റെ പൂർത്തീകരണത്തോടനുബന്ധിച്ച് ക്രമപ്പെടുത്തേണ്ടതാണ്, എന്നാൽ, പ്രോജക്ടിന്റെ പൂർത്തീകരണത്തോടെ ചെലവ് വിനിയോഗ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നതിനും വികസനഫണ്ട് ഇനത്തിൽ ചെലവഴിക്കപ്പെടാതെ തുക അവശേഷിക്കുന്നത് ബന്ധപ്പെട്ട ഹെഡിലേക്ക് ഒടുക്കുവരുത്തുന്നതിനും ആവശ്യമായ നടപടികൾ നിർവ്വഹണോദ്യോഗസ്ഥർ സ്വീകരിച്ചുകാണുന്നില്ല. ഇത് മൂലം വികസനഫണ്ടിനത്തിൽ വലിയ തുക തന്നെ ഓരോ വർഷവും തെറ്റായി ചെലവ് രേഖപ്പെടുത്തപ്പെടുന്നു. ടി സാഹചര്യം ഒഴിവാക്കുന്നതിലേക്ക് ഓരോ വർഷവുമുള്ള യഥാർത്ഥചെലവ്, ആനുപാതികമായി വേണ്ടി വരുന്ന വികസനഫണ്ട് എന്നിവ കണക്കുകൂട്ടേണ്ടതും വികസനഫണ്ടിനത്തിലുള്ള അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടച്ച്, ഇത് സംബന്ധിച്ച കണക്ക് സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 20,00,000 | ലൈഫ് ഭവനപദ്ധതി | 1804980 | 195020 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അങ്കണവാടി പോഷകാഹാര പദ്ധതി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 10000000 | നാലുകണ്ടത്തിൽ- അനുപമ റോഡ് | 1000000 | 0 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ.(നം. 318/10 എൽ.എസ്.ജി.ഡി. തീയതി, 28.01.10 | 10185000 | 438492 | 438492 | | 0 |
| കെ.യു.ആർ.ഡി.എഫ്.സി | - | 32,20,000 | 23066437 | 1844673 | - | 24441764 |

### 4-5 സ്ഥിര നിക്ഷേപം

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് ഖണ്ഡിക | സമാഹൃത ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2004-05 | 2-7 | 2007-08 | 3-1.17 | അക്ഷയ കമ്പ്യൂട്ടർ സെന്റർ പദ്ധതി ബോധന കുടുംബശ്രീ | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| 2004-05 | 2-9 | 2007-08 | 3.1.18 | മുട്ടക്കോഴി വളർത്തൽ | ടി |
| 2004-05 | 2-14 | 2007-08 | 3.1.19 | അനുപമ കുടുംബശ്രീ ആടുവളർത്തൽ | ടി |
| 2011-12 2012-13 | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല | 2013-14 | 6.1.2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് | മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീറ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | : 6,82,89,213 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് ആൻഡ് പേയ്മെന്റ് പത്രിക പ്രകാരം) | : 6,75,63,903 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 29,16,627 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| വണ്ടിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 5,63,077 | ശ്രീ.എസ് ബാബുകുട്ടൻ നായർ സെക്രട്ടറി |
| 1-23 | 19,79,531 | ശ്രീമതി .സാഹിനി,ശ്രീമതി സുമ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 4,299 | ശ്രീമതി .സാഹിനി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-25 | 3,12,972 | ശ്രീമതി .സാഹിനി,ശ്രീമതി സുമ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-28 | 56,748 | ശ്രീ.എസ് ബാബുകുട്ടൻ നായർ സെക്രട്ടറി |
| | 29,16,627 | |
| ആകെ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീമതി.സാഹിനി,ഐ.സി.ഡി.എസ് -സൂപ്പർവൈസർ | ലഭ്യമല്ല | ഐശ്വര്യ മുതുകുളം നോർത്ത് മുതുകുളം പി.ഒ |
| ശ്രീമതി സുമ ഐ.സി.ഡി.എസ് -സൂപ്പർവൈസർ | ലഭ്യമല്ല | അശ്വതി കണ്ടല്ലൂർ വടക്ക് പട്ടോളി മാർക്കറ്റ് പി.ഒ. |
| ശ്രീ.എസ് ബാബുകുട്ടൻ നായർ സെക്രട്ടറി | സെക്രട്ടറി വീയപുരം ഗ്രാമപഞ്ചായത്ത് | കൊച്ചുവീട്ടിൽ ഏവൂർ തെക്ക് കീരിക്കാട് പി.ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 1999-00 (ചെലവ്) | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ 5-1577/12/16.05.2014 |
| 2010-11മുതൽ2012-13 വരെ | എൽ.എഫ്.പി 4-163/14/29.03.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.1206 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4-124/16/17.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി4-747/2017/20.06.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി12-371/2019 തീയതി, 07.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി12-184/2020 തീയതി - 16.06.20202 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്